

أهمية العلم الشرعي وفضائله

# ദീനീ പഠനം; പ്രാധാന്യവും, ശ്രേഷ്ഠതയും


അബുൽ വഫ അനസ് അലി

غَفَرَ اللّٰهُ لَهُ وَلِوَالِدَيْهِ




**الحمد لله والصلاة والسلام على رسول الله وأشهد أن لا إله إلا الله وحده لا شريك له وأشهد أن محمدا عبده ورسوله**

നബി ﷺ യുടെ പ്രവാചകത്വത്തിന് മുമ്പ് ജനങ്ങളെല്ലാം തീർത്തും അറിവില്ലായ്മയിലായിരുന്നു. പിന്നീട് അല്ലാഹു വഹ്‌യിലൂടെ ആ സമൂഹത്തിന് അറിവ് നൽകുകയും അതിലൂടെ അവരെ പ്രകാശിപ്പിക്കുകയും ചെയ്തു. അല്ലാഹു പറഞ്ഞു:

هُوَ ٱلَّذِى بَعَثَ فِى ٱلْأُمِّيِّـۧنَ رَسُولًا مِّنْهُمْ يَتْلُوا۟ عَلَيْهِمْ ءَايَـٰتِهِۦ وَيُزَكِّيهِمْ وَيُعَلِّمُهُمُ ٱلْكِتَـٰبَ وَٱلْحِكْمَةَ وَإِن كَانُوا۟ مِن قَبْلُ لَفِى ضَلَـٰلٍ مُّبِينٍ ۝٢ [الجمعة: 2]

**അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ തൻറെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതികേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് ഖുർആനും സുന്നത്തും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ (അല്ലാഹു). തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു.(അൽജുമുഅ : 2)**

വഹ്‌യ് എന്നാൽ ഖുർആനും സുന്നത്തുമാണ്. അവ രണ്ടുമാണ് യഥാർത്ഥ ദീനീ വിജ്ഞാനം. അല്ലാഹു പറഞ്ഞു :

وَلَئِنِ ٱتَّبَعْتَ أَهْوَآءَهُم بَعْدَ ٱلَّذِى جَآءَكَ مِنَ ٱلْعِلْمِ مَا لَكَ مِنَ ٱللَّهِ مِن وَلِىٍّ وَلَا نَصِيرٍ ۝١٢٠ [البقرة: 120]

**നിനക്ക് അറിവ് വന്നുകിട്ടിയതിനു ശേഷം അവരുടെ തന്നിഷ്ടങ്ങളെയെങ്ങാനും നീ പിൻപറ്റിപ്പോയാൽ അല്ലാഹുവിൽ നിന്ന് നിന്നെ രക്ഷിക്കുവാനോ സഹായിക്കുവാനോ ആരുമുണ്ടാവില്ല.(അൽബഖറ : 120)**

ഈ ആയത്തിൽ അറിവ് എന്നത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് വഹ്‌യാണെന്ന് തഫ്സീറുകളിൽ കാണാം.

എല്ലാ തരത്തിലും വഴിപിഴച്ച ഒരു സമൂഹത്തെ അല്ലാഹു സന്മാർഗത്തിലേക്ക് നയിച്ചത് ദീനീവിജ്ഞാനം കൊണ്ടാണ്. നബി ﷺ അവിടുത്തെ സമൂഹത്തെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിച്ചത് അവർക്ക് ദീൻ പഠിപ്പിച്ച് കൊടുത്തു കൊണ്ടാണ്.

**رَّسُولًا يَتْلُوا۟ عَلَيْكُمْ ءَايَـٰتِ ٱللَّهِ مُبَيِّنَـٰتٍ لِّيُخْرِجَ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ مِنَ ٱلظُّلُمَـٰتِ إِلَى ٱلنُّورِ ۚ [الطلاق: 11]**

**അഥവാ അല്ലാഹുവിൻറെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതികേൾപിച്ചു തരുന്ന ഒരു ദൂതനെ (നിങ്ങളുടെ അടുത്തേക്കിറക്കിത്തന്നിരിക്കുന്നു) വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് ആനയിക്കുവാൻ വേണ്ടി. (അത്ത്വലാഖ് : 11)**

സന്മാർഗത്തിലാകാനുള്ള അടിസ്ഥാനം ദീൻ പഠിക്കലാണെന്നും, വഴികേട് അറിവില്ലായ്മയുടെ അനന്തരഫലമാണെന്നും ഇതിൽ നിന്ന് തന്നെ മനസ്സിലാക്കാം.

## മതപഠനത്തിന്റെ ശ്രേഷ്ഠതകൾ വിശുദ്ധ ഖുർആനിൽ

വിശുദ്ധ ഖുർആനിൽ അറിവ് പഠിക്കേണ്ടതിന്റെ പ്രാധാന്യവും ശ്രേഷ്ഠതയും അറിയിക്കുന്ന ഒരുപാട് ആയത്തുകൾ കാണാം. അല്ലാഹു പറഞ്ഞു:

**وَقُل رَّبِّ زِدْنِى عِلْمًا ﴿١١٤﴾ [طه: 114]**

**(നബിയേ) പറയുക, എൻറെ റബ്ബേ നീ എനിക്ക് ദീനിൽ അറിവ് വർദ്ധിപ്പിച്ചു തരേണമേ. (ത്വാഹാ : 114)**

**ഹാഫിദ് ബ്നു ഹജർ رحمه الله പറഞ്ഞു:**

**فِيهِ وَاضِحُ الدَّلَالَةِ فِي فَضْلِ الْعِلْمِ لِأَنَّ اللهَ تَعَالَى أَمَرَ نَبِيَّهُ ﷺ طَلَبَ الازْدِيَادِ مِنْ شَيْءٍ إِلَّا مِنَ الْعِلْمِ**

**"ഈ ആയത്ത് ദീനീവിജ്ഞാനത്തിനുള്ള ശ്രേഷ്ഠത അറിയിക്കുന്ന വ്യക്തമായ തെളിവാണ്. കാരണം അല്ലാഹു അവന്റെ റസൂൽ ﷺ യോട് വർദ്ധനവ് ചോദിക്കുവാൻ ദീനിയ്യായ അറിവിന്റെ വിഷയത്തിലല്ലാതെ കൽപ്പിച്ചിട്ടില്ല."**

**فتح الباري (كتاب العلم- ١٧١)**

മറ്റൊരു ആയത്തിൽ അല്ലാഹു പറഞ്ഞു:

**إِنَّمَا يَخْشَى ٱللَّهَ مِنْ عِبَادِهِ ٱلْعُلَمَٰٓؤُا۟ ۗ إِنَّ ٱللَّهَ عَزِيزٌ غَفُورٌ ۝٢٨ [فاطر: 28]**

**അല്ലാഹുവെ ഭയപ്പെടുന്നത് അവൻറെ ദാസൻമാരിൽ നിന്ന് അറിവുള്ളവർ മാത്രമാകുന്നു. (ഫാത്വിർ : 28)**

ഒരടിമക്ക് അല്ലാഹുവെ കുറിച്ചുള്ള അറിവ് എത്രത്തോളം വർദ്ധിക്കുന്നുവോ അത് അവനെ അല്ലാഹുവിലേക്ക് കൂടുതൽ അടുപ്പിക്കുകയും, അവനോട് ഭയം വർദ്ധിക്കുവാനും, അപ്രകാരം അവനെ ധിക്കരിക്കുന്നതിൽ നിന്നും വിട്ടു നിൽക്കാൻ അവനെ അത് സഹായിക്കുകയും ചെയ്യും.

ദീനിലെ അറിവിന്റെ ഉയർന്ന സ്ഥാനം കാരണം നരകക്കാരെയും സ്വർഗക്കാരെയും വേർതിരിച്ചത് പോലെ (59:20) അല്ലാഹു ദീൻ പഠിച്ചവരെയും അല്ലാത്തവരെയും വേർതിരിച്ചു പറഞ്ഞിട്ടുണ്ട്.

**قُلْ هَلْ يَسْتَوِى ٱلَّذِينَ يَعْلَمُونَ وَٱلَّذِينَ لَا يَعْلَمُونَ ۗ [الزمر: 9]**

**അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ.? (അസ്സുമർ : 9)**

ദീൻ പഠിച്ചവർക്ക് അല്ലാഹു വാഗ്ദാനം ചെയ്തത് ഇരുലോകത്തെയും ഉയർന്ന പദവിയാണ്.

**يَرْفَعِ ٱللَّهُ ٱلَّذِينَ ءَامَنُوا۟ مِنكُمْ وَٱلَّذِينَ أُوتُوا۟ ٱلْعِلْمَ دَرَجَٰتٍ ۚ [المجادلة: 11]**

**നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്. (അൽമുജാദില : 11)**

അല്ലാഹുവിന്റെ ഏകത്വത്തിന് സാക്ഷികളായി അവൻ അറിവുള്ളവരെ തിരഞ്ഞെടുത്തിരിക്കുന്നു.

شَهِدَ ٱللَّهُ أَنَّهُۥ لَآ إِلَٰهَ إِلَّا هُوَ وَٱلۡمَلَٰٓئِكَةُ وَأُوْلُواْ ٱلۡعِلۡمِ قَآئِمَۢا بِٱلۡقِسۡطِۚ [آل عمران: 18]

**അല്ലാഹു അല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും (അതിന്ന് സാക്ഷികളാകുന്നു.) അവൻ നീതി നിർവഹിക്കുന്നവനത്രെ.(ആലുഇംറാൻ : 18)**

വിശുദ്ധ ഖുർആനിൽ അറിവിനുള്ള ശ്രേഷ്ഠത അറിയിക്കുന്ന മറ്റൊരു വ്യത്യസ്തമായ കാര്യമായി പല പണ്ഡിതന്മാരും ഉണർത്തിയ ഒന്നാണ് വേട്ട പഠിപ്പിക്കപ്പെട്ട ഒരു നായ വേട്ടമൃഗത്തെ പിടിച്ചു കൊണ്ടുവന്നാൽ അത് ഭക്ഷിക്കാവുന്നതാണ്. എന്നാൽ അത് പഠിപ്പിക്കപ്പെടാത്ത നായയിൽ നിന്ന് ലഭിക്കപ്പെട്ടവയെ കഴിക്കൽ അനുവദനീയവുമല്ല. അല്ലാഹു പറഞ്ഞു:

وَمَا عَلَّمۡتُم مِّنَ ٱلۡجَوَارِحِ مُكَلِّبِينَ تُعَلِّمُونَهُنَّ مِمَّا عَلَّمَكُمُ ٱللَّهُۖ فَكُلُواْ مِمَّآ أَمۡسَكۡنَ عَلَيۡكُمۡ وَٱذۡكُرُواْ ٱسۡمَ ٱللَّهِ عَلَيۡهِۖ وَٱتَّقُواْ ٱللَّهَۚ إِنَّ ٱللَّهَ سَرِيعُ ٱلۡحِسَابِ ٤ [المائدة: 4]

**അല്ലാഹു നിങ്ങൾക്ക് നൽകിയ വിദ്യ ഉപയോഗിച്ച് നായാട്ട് പരിശീലിപ്പിക്കാറുള്ള രീതിയിൽ നിങ്ങൾ പഠിപ്പിച്ചെടുത്ത ഏതെങ്കിലും വേട്ടമൃഗം നിങ്ങൾക്ക് വേണ്ടി പിടിച്ച് കൊണ്ടുവന്നതിൽ നിന്ന് നിങ്ങൾ തിന്നുകൊള്ളുക. ആ ഉരുവിൻറെ മേൽ നിങ്ങൾ അല്ലാഹുവിൻറെ നാമം ഉച്ചരിക്കുകയും ചെയ്യുക.(അൽമാഇദ : 4)**

ഖുർആനിലൂടെ അല്ലാഹു ധാരാളമായി കൽപ്പിച്ച കാര്യമാണ് അവനെ കുറിച്ച് പഠിക്കുകയും അറിയുകയും ചെയ്യുക എന്നത്. അല്ലാഹു പറഞ്ഞു:

ٱعۡلَمُوٓاْ أَنَّ ٱللَّهَ شَدِيدُ ٱلۡعِقَابِ وَأَنَّ ٱللَّهَ غَفُورٞ رَّحِيمٞ ٩٨ [المائدة: 98]

**നിങ്ങൾ അറിയുക, അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്നും, അല്ലാഹു ഏറെ പൊറുക്കുന്നവനും ഏറെ കാരുണ്യമുള്ളവനാണെന്നും.(അൽമാഇദ : 98)**

സമാനമായ ആയത്തുകൾ ഖുർആനിൽ അനേകം കാണുവാൻ സാധിക്കും. അല്ലാഹു അവന്റെ ഖുർആനിലൂടെ ഇത്രത്തോളം പ്രചോദനം നൽകുകയും, കൽപ്പിക്കുകയും ചെയ്ത ഒരു കാര്യം എങ്ങനെയാണ് അവന്റെ കലാം വായിക്കുന്ന അവന്റെ അടിമകൾ പരിഗണിക്കാതിരിക്കുക.

അല്ലാഹു ഒരു കാര്യം കൽപ്പിച്ചാൽ അടിസ്ഥാനപരമായി അത് നിർബന്ധമാണ് എന്ന തത്വം കൂടി നാം ഓർക്കുക. അല്ലാഹുവിന്റെ കൽപനയും, പുറമെ ഒരുപാട് പ്രേരണയും വന്നിട്ടുള്ള കാര്യമാണ് ദീനീപഠനം.

ചിന്തിക്കുക, അല്ലാഹു അവന്റെ റസൂലിന് ആദ്യമായി വഹ്‌യു നൽകിയ വചനങ്ങളിൽ പോലും ഇതിനുള്ള വ്യക്തമായ സൂചനകളുണ്ട്. ഖുർആനിൽ ഏറ്റവും ആദ്യം അവതരിച്ച ആയത്തുകൾ നോക്കൂ:

ٱقْرَأْ بِٱسْمِ رَبِّكَ ٱلَّذِى خَلَقَ ۝١ خَلَقَ ٱلْإِنسَٰنَ مِنْ عَلَقٍ ۝٢ ٱقْرَأْ وَرَبُّكَ ٱلْأَكْرَمُ ۝٣ ٱلَّذِى عَلَّمَ بِٱلْقَلَمِ ۝٤ عَلَّمَ ٱلْإِنسَٰنَ مَا لَمْ يَعْلَمْ ۝٥ [العلق: 1-5]

**സൃഷ്ടിച്ചവനായ നിൻറെ റബ്ബിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക, നിൻറെ റബ്ബ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു. പേന കൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു. (അൽഅലഖ് : 1 – 5)**

അല്ലാഹുവിനെ കുറിച്ച് അവന്റെ പടപ്പുകളിൽ ഏറ്റവും നന്നായി അറിയാവുന്ന നബി ﷺ യോട് വരെ അല്ലാഹു അവനെ കുറിച്ച് പഠിക്കാൻ കൽപ്പിച്ചു. അവിടുത്തോടുള്ള കൽപന എല്ലാ മുസ്‌ലിമിനോടുമുള്ള കൽപനയാണ്. അവിടുന്ന് ﷺ വരെ അത് കൽപ്പിക്കപ്പെട്ടു എങ്കിൽ നാം ആ കൽപനക്ക് എത്രയോ അർഹരാണ്.!

അല്ലാഹു പറഞ്ഞു:

فَٱعْلَمْ أَنَّهُۥ لَآ إِلَٰهَ إِلَّا ٱللَّهُ وَٱسْتَغْفِرْ لِذَنۢبِكَ وَلِلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ۗ [محمد: 19]

**അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല എന്ന കാര്യം നീ അറിയുക. നിൻറെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോചനം തേടുക.) (മുഹമ്മദ് : 19)**

പ്രവർത്തനത്തിന് മുമ്പ് അറിവുണ്ടായിരിക്കണം എന്നും, ഏറ്റവും മുഖ്യമായ അറിവ് അല്ലാഹുവിന്റെ ഏകത്വത്തെ കുറിച്ചുള്ളതാണെന്നും അല്ലാഹു അറിയിക്കുന്നു.

അല്ലാഹു നമ്മെ സൃഷ്ടിച്ചത് അവനെ മാത്രം ഇബാദത്ത് ചെയ്യാനാണ്. അല്ലാഹു പറഞ്ഞു:

**وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴿٥٦﴾ [الذاريات: 56]**

**ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. (ദാരിയാത്ത് : 56)**

അല്ലാഹുവിനെ ഇബാദത്ത് ചെയ്യുക എന്ന ഒരു വ്യക്തിയുടെ ജീവിതലക്ഷ്യത്തിന്റെ പൂർത്തീകരണത്തിന് അനിവാര്യമായ കാര്യമാണ് മതപഠനം. കാരണം, ദീൻ ശരിയാംവണ്ണം പഠിക്കാതെ ഒരുവന് അല്ലാഹുവിനെ ഇബാദത്ത് ചെയ്യാൻ സാധിക്കില്ല. ഇബാദത്ത് എന്താണ് എന്നും, എങ്ങനെയാണ് അത് നിർവ്വഹിക്കേണ്ടത് എന്നും, അത് പൊളിഞ്ഞുപോകുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നും പഠിക്കാത്തവന് എങ്ങനെ തന്റെ ജീവിത ലക്ഷ്യമായ അല്ലാഹുവിനോടുള്ള ഇബാദത്ത് നിർവ്വഹിക്കാൻ സാധിക്കും..?! അതിനാൽ അറിവില്ലാതെ ഇബാദത്ത് ശരിയാവില്ല. കാരണം ദീൻ പഠിക്കുക എന്നത് പരലോകത്ത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് അവൻ ഈ ദുനിയാവിൽ നമുക്ക് നിശ്ചയിച്ചു തന്ന മാർഗമാണ്.

## <u>മതപഠനത്തിന്റെ ശ്രേഷ്ഠതകൾ ഹദീസുകളിൽ</u>

റസൂൽ ﷺ യുടെ ഹദീസുകളിലും ധാരാളം പരാമർശങ്ങൾ ഈ വിഷയവുമായി ബന്ധപ്പെട്ട് കാണാം.

**മുആവിയത്തുബ്നു അബീ സുഫ്‌യാൻ رضي الله عنه രിവായത്ത് ചെയ്യുന്ന ഹദീസിൽ നബി ﷺ പറയുന്നു:**

**مَنْ يُرِدِ اللَّهُ بِهِ خَيْرًا يُفَقِّهْهُ فِي الدِّينِ**

**"ആർക്കാണോ അല്ലാഹു നന്മ ഉദ്ദേശിക്കുന്നത് അവന് അല്ലാഹു ദീനിൽ അവഗാഹം നൽകുന്നതാണ്." (സ്വഹീഹുൽ ബുഖാരി: 3116, സ്വഹീഹു മുസ്‌ലിം: 1037)**

ഒരു വ്യക്തിക്ക് അല്ലാഹു നന്മ ഉദ്ദേശിച്ചു എന്നതിനുള്ള തെളിവാണ് അവന് ദീനിലുള്ള അറിവ്. അല്ലാഹു ഒരുവന് നന്മ ഉദ്ദേശിച്ചിട്ടില്ലെങ്കിൽ അവന് ദീനിൽ അറിവ് നൽകുകയില്ല.

**മറ്റൊരു ഹദീസിൽ അവിടുന്ന് ﷺ പറഞ്ഞതായി കാണാം:**

**مَنْ سَلَكَ طَرِيقًا يَطْلُبُ فِيهِ عِلْمًا سَلَكَ اللَّهُ بِهِ طَرِيقًا مِنْ طُرُقِ الْجَنَّةِ، وَإِنَّ الْمَلَائِكَةَ لَتَضَعُ أَجْنِحَتَهَا رِضًا لِطَالِبِ الْعِلْمِ، وَإِنَّ الْعَالِمَ لَيَسْتَغْفِرُ لَهُ مَنْ فِي السَّمَاوَاتِ وَمَنْ فِي الْأَرْضِ وَالْحِيتَانُ فِي جَوْفِ الْمَاءِ، وَإِنَّ فَضْلَ الْعَالِمِ عَلَى الْعَابِدِ كَفَضْلِ الْقَمَرِ لَيْلَةَ الْبَدْرِ عَلَى سَائِرِ الْكَوَاكِبِ، وَإِنَّ الْعُلَمَاءَ وَرَثَةُ الْأَنْبِيَاءِ، وَإِنَّ الْأَنْبِيَاءَ لَمْ يُوَرِّثُوا دِينَارًا وَلَا دِرْهَمًا، وَرَّثُوا الْعِلْمَ، فَمَنْ أَخَذَهُ أَخَذَ بِحَظٍّ وَافِرٍ**

**"ആരെങ്കിലും ദീൻ പഠിക്കുവാൻ ഒരു വഴിയിൽ പ്രവേശിച്ചാൽ അവന് അല്ലാഹു സ്വർഗത്തിലേക്കുള്ള വഴി എളുപ്പമാക്കും. തീർച്ചയായും മലക്കുകൾ ദീൻ പഠിക്കുന്നവർക്ക് മേൽ തൃപ്തി സൂചകമായി അവരുടെ ചിറകുകൾ താഴ്ത്തും. സമുദ്രത്തിന്റെ ആഴിയിൽ നീന്തിതുടിക്കുന്ന മത്സ്യങ്ങൾ മുതൽ ആകാശഭൂമിയിലുള്ള സകലതും ഒരു പണ്ഡിതന് വേണ്ടി പാപമോചനം തേടിക്കൊണ്ടിരിക്കും. പൂർണ്ണ ചന്ദ്രന് മറ്റ് നക്ഷത്രങ്ങളെക്കാളുള്ള ശ്രേഷ്ഠതയാണ് സാധാരണക്കാർക്ക് മേൽ പണ്ഡിതൻമാർക്കുള്ളത്. പണ്ഡിതൻമാർ പ്രവാചകന്മാരുടെ അനന്തരാവകാശികളാണ്. പ്രവാചകൻമാർ അനന്തരമായി വിട്ടേച്ചു പോയത് ദീനാറുകളോ, ദിർഹമുകളോ അല്ല. അവരുടെ അനന്തരസ്വത്ത് ദീനീവിജ്ഞാനമാണ്. ആര് അതിൽ നിന്ന് നുകർന്നുവോ അവൻ മഹത്തായ ഒന്ന് തന്നെയാണ് നേടിയിരിക്കുന്നത്."(സ്വഹീഹു അബീ ദാവൂദ്: 3641)**

മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം: അവിടുന്ന് ﷺ പറഞ്ഞു:

**مَا مِنْ خَارِجٍ خَرَجَ مِنْ بَيْتِهِ فِي طَلَبِ الْعِلْمِ إِلاَّ وَضَعَتْ لَهُ الْمَلاَئِكَةُ أَجْنِحَتَهَا رِضًا بِمَا يَصْنَعُ حتى يَرجعَ**

**"മതവിജ്ഞാനം അന്വേഷിച്ച് വീട്ടിൽ നിന്ന് ഒരാൾ പുറപ്പെട്ടാൽ അവൻ തിരിച്ച് വരുന്നത് വരെ അവന്റെ ആ പ്രവൃത്തിയിൽ തൃപ്തരായിക്കൊണ്ട് മലക്കുകൾ അവരുടെ ചിറകുകൾ അവന് വേണ്ടി താഴ്ത്തി കൊടുക്കുന്നതാണ്." (സ്വഹീഹുൽ ജാമിഅ്: 5702)**

ദീനീപഠനം അല്ലാഹുവിന്റെ മാർഗത്തിലുള്ള ഒരു ജിഹാദാണ്. അവിടുന്ന് ﷺ പറഞ്ഞു:

**مَنْ خَرَجَ فِي طَلَبِ الْعِلْمِ فَهُوَ فِي سَبِيلِ اللَّهِ حَتَّى يَرْجِعَ**

**"ആരെങ്കിലും മതവിജ്ഞാനം തേടി പുറപ്പെട്ടാൽ അതിൽ നിന്ന് മടങ്ങി വരുന്നത് വരെ അയാൾ അല്ലാഹുവിന്റെ മാർഗത്തിലാണ്." (സ്വഹീഹുത്തർഗീബ് വത്തർഹീബ്: 88)**

മരണശേഷം ഖബ്റിൽ ഉപകരിക്കുന്ന നിലക്കാത്ത സൽകർമങ്ങളിൽ ഒന്നായി നബി ﷺ പഠിപ്പിച്ച കാര്യമാണ് ദീനിലെ അറിവ്. അവിടുന്ന് ﷺ പറഞ്ഞു:

**إِذَا مَاتَ الإِنْسَانُ انْقَطَعَ عَنْهُ عَمَلُهُ إِلاَّ مِنْ ثَلاَثَةٍ إِلاَّ مِنْ صَدَقَةٍ جَارِيَةٍ أَوْ عِلْمٍ يُنْتَفَعُ بِهِ أَوْ وَلَدٍ صَالِحٍ يَدْعُو لَه**

**"മനുഷ്യൻ മരണപ്പെട്ടു കഴിഞ്ഞാൽ മൂന്ന് കാര്യങ്ങളല്ലാത്തതെല്ലാം അവനിൽ നിന്ന് മുറിഞ്ഞു പോകുന്നതാണ്; നിലനിൽക്കുന്ന ദാനധർമ്മം, ഉപകാരപ്രദമായ വിജ്ഞാനം, അവനുവേണ്ടി പ്രാർത്ഥിക്കുന്ന സ്വാലിഹായ സന്താനം."(സ്വഹീഹു മുസ്ലിം: 1631)**

ഒരോ മുസ്ലിമും നിർബന്ധമായും ദീൻ പഠിക്കണമെന്ന് വ്യക്തമായ ഭാഷയിൽ തന്നെ നബി ﷺ ഉണർത്തിയിട്ടുണ്ട്. അവിടുന്ന് ﷺ പറഞ്ഞു:

**طَلَبُ العِلْمِ فَرِيضَةٌ عَلَى كُلِّ مُسْلِمٍ**

**"മതവിജ്ഞാന സമ്പാദനം ഓരോ മുസ്ലിമിന്റെയും നിർബന്ധ ബാധ്യതയാണ്." (സ്വഹീഹുൽ ജാമിഅ്: 3914)**

അല്ലാഹുവിന്റെ ഭവനങ്ങളിൽ അവന്റെ ദീൻ പഠിക്കുന്നതിന് വേണ്ടി ഒത്തുചേരുന്നവർക്കുള്ള ശ്രേഷ്ഠത വിവരിക്കുന്ന ഇമാം മുസ്ലിം ഉദ്ദരിക്കുന്ന ഹദീസ് ഇപ്രകാരമാണ്. നബി ﷺ പറഞ്ഞു:

**ما اجتمَعَ قومٌ في بيتٍ من بيوتِ اللَّهِ يتلونَ كتابَ اللَّهِ ، ويتدارسونَهُ فيما بينَهم إلَّا نزلَت عليهِم السَّكينةُ ، وغشِيَتهُمُ الرَّحمةُ ، وحفَّتهُمُ الملائكَةُ ، وذكرَهُمُ اللَّهُ فيمَن عندَهُ**

**“അല്ലാഹുവിന്റെ ഭവനങ്ങളിൽപ്പെട്ട ഏതെങ്കിലും ഒരു ഭവനത്തിൽ ഒരു സംഘം അവന്റെ കിതാബ് പാരായണം ചെയ്തു കൊണ്ടും, അത് പരസ്പരം പഠിപ്പിച്ചും പഠിച്ചും ഒരുമിച്ചു കൂടിയാൽ അവരുടെ മേൽ അല്ലാഹുവിൽ നിന്നുള്ള സമാധാനം ഇറങ്ങുകയും, അവന്റെ കാരുണ്യം അവർക്ക് മേൽ വർഷിക്കുകയും, മലക്കുകൾ അവരെ പൊതിയുകയും ചെയ്യാതിരിക്കുകയില്ല. അല്ലാഹു അവന്റെ അരികിലുള്ളവരോട് അവരെ കുറിച്ച് സ്മരിക്കുകയും ചെയ്യുന്നതാണ്.”(സ്വഹീഹു മുസ്‌ലിം: 2699)**

ഒരു മുസ്‌ലിമിന് ഏറ്റവും അമൂല്യമായ ഉപദേശങ്ങളാണ് അവന്റെ റസൂലിന്റെ അന്തിമ വസ്വിയ്യത്തുകൾ. ആ വസ്വിയ്യത്തിൽ വരെ നമ്മുടെ റസൂൽ ഇക്കാര്യം ഏറെ ഗൗരവത്തിൽ നമ്മോട് പറഞ്ഞിട്ടുണ്ട്. അവിടുന്ന് ﷺ പറഞ്ഞു:

**يا أيها الناس خذوا من العلم قبل أن يقبض العلم، وقبل أن يرفع العلم**

**“അല്ലയോ ജനങ്ങളെ, നിങ്ങൾ അറിവ് ഉയർത്തപ്പെടുന്നതിന് മുമ്പ് അതിന്റെ വക്താക്കൾ മരണപ്പെടുന്നതിന് മുമ്പ് അത് സ്വീകരിച്ചുകൊള്ളുക.”(സുനനു ഇബ്നി മാജ: 228)**

നാം വഴിപിഴക്കാതിരിക്കാൻ ഖുർആനും സുന്നത്തുമാകുന്ന ദീനിന്റെ അറിവ് കരസ്ഥമാക്കുകയും അത് പിൻപറ്റുകയും അത് മുറുകെ പിടിക്കുകയും ചെയ്യുക. കാരണം എല്ലാ വഴികേടിന്റെയും അടിസ്ഥാന കാരണം യഥാർത്ഥത്തിൽ ദീനിനെ കുറിച്ചുള്ള അജ്ഞതയാണ്.

നബി ﷺ പറഞ്ഞു:

**تركتُ فيكم أَمْرَيْنِ لن تَضِلُّوا ما تَمَسَّكْتُمْ بهما: كتابَ اللهِ وسُنَّةَ نبيِّهِ صلَّى اللهُ عليهِ وسلَّمَ**

**“രണ്ട് കാര്യങ്ങൾ നിങ്ങളിൽ വിട്ടേച്ചുകൊണ്ടാണ് ഞാൻ പോകുന്നത്, അവ നിങ്ങൾ മുറുകെ പിടുക്കുന്ന കാലമത്രയും നിങ്ങൾ വഴിപിഴക്കുകയില്ല. ഖുർആനും എന്റെ ചര്യയുമാകുന്നു അവ.” (അൽമുവത്വ: 2/899)**

# മതപഠനത്തിന്റെ ശ്രേഷ്ഠതകൾ സലഫുകളുടെ വാക്കുകളിൽ നിന്നും

ദീൻ പഠിക്കുന്നതിന്റെ ശ്രേഷ്ഠത വിവരിക്കുന്ന നമ്മുടെ നല്ലവരായ മുൻഗാമികളുടെ മനോഹരമായ വാക്കുകൾ ശ്രദ്ധേയമാണ്.

**അബൂ മൂസ ﷺ പറഞ്ഞു:**

**لَمَجْلِسٌ أَجْلِسُهُ مِنْ عَبْدِ اللهِ بْنِ مَسْعُودٍ أَوْثَقُ فِي نَفْسِى مِنْ عَمَلِ سَنَةٍ**

**"സ്വഹാബികളിലെ പണ്ഡിതനായ അബ്ദുല്ലാഹ് ബ്നു മസ്ഊദ് ﷺ വിന്റെ ഒരു മജ്‌ലിസിൽ ഇരുന്ന് ദീൻ പഠിക്കുന്നതാണ് എനിക്ക് ഒരു വർഷം ഇബാദത്ത് ചെയ്യുന്നതിനേക്കാൾ ഉറച്ച പ്രതീക്ഷയുള്ളത്."**

**سير أعلام النبلاء (494)**

സുന്നത്തായ കർമങ്ങളിൽ ഏറ്റവും ശ്രേഷ്ഠമാണ് ദീൻ പഠിക്കുക എന്നത്. അത് കേവല ഖുർആൻ പാരായണത്തെക്കാളും, സുന്നത്ത് നിസ്കാരത്തെക്കാളും ശ്രേഷ്ഠമാണ്.

അബൂദർറ്, അബൂഹുറൈയ്റ رضي الله عنهما പറഞ്ഞു:

**بابٌ مِنَ العلمِ يتعلَّمُهُ أَحَبُّ إلينَا مِنْ أَلْفِ رَكْعَةِ تَطَوُّعٍ**

**"ആയിരം റക്അത്ത് സുന്നത്ത് നിസ്കരിക്കുന്നതിനേക്കാൾ ഞങ്ങൾക്കിഷ്ടം ദീനിൽ നിന്ന് ഏതാനും ചില കാര്യങ്ങൾ പഠിക്കലാണ്."**

**رواه ابن عبد البر**

അബുദ്ദർദാഅ് رضي الله عنه പറഞ്ഞു:

**كن عالماً أو متعلماً أو محباً أو مستمعا ولا تكن الخامس فتهلك**

**"സാധിക്കുമെങ്കിൽ നീ ഒരു പണ്ഡിതനാവുക, അല്ലെങ്കിൽ നീ ഒരു വിദ്യാർത്ഥി യാവുക അതല്ലെങ്കിൽ നീ ഒരു ശ്രോതാവാവുക. അതുമല്ലെങ്കിൽ നീ അതിനെ**

സ്നേഹിക്കുന്നവനെങ്കിലും ആവുക. അഞ്ചാമതൊരാളായി നീ മാറരുത്. കാരണം നീ നശിക്കുന്നതാണ്. '

الآداب الشرعية (٢/٣٥)

ഇമാം മാലിക് ﵀ പറഞ്ഞു:

**إِنَّ أَقْوَاماً ابْتَغَوُا العِبَادَةَ وَأَضَاعُوا العِلْمَ، فَخَرَجُوا عَلَى أُمَّةِ مُحَمَّدٍ ﷺ بِأَسْيَافِهِمْ وَلَوِ ابْتَغَوُا العِلْمَ لَحَجَزَهُمْ عَنْ ذَلِكَ**

**"ചിലർ മതവിജ്ഞാനം അന്വേഷിക്കുന്നത് ഉപേക്ഷിച്ചു കൊണ്ട് ഇബാദതുകൾ ചെയ്യാൻ ശ്രമിച്ചു. പിൽക്കാലത്ത് മുഹമ്മദ് നബി ﷺ യുടെ ഉമ്മത്തിനെതിരെ വാളുമായി അവർ ഇറങ്ങിത്തിരിച്ചു. അവർ അറിവ് നേടിയിരുന്നെങ്കിൽ അതിൽ നിന്ന് വിജ്ഞാനം അവരെ തടയുമായിരുന്നു."**

مفتاح دار السعادة (١/٣٩٢)

ഇമാം ശാഫിഈ ﵀ പറഞ്ഞു:

**مَنْ لَا يُحِبُّ العِلْمَ لَا خَيْرَ فِيهِ**

**"മതവിജ്ഞാനത്തെ ഇഷ്ടപ്പെടാത്തവനിൽ യാതൊരു നന്മയുമില്ല."**

تاريخ دمشق (١٥/٣٠٧)

ഇമാം സുഹ്‌രി ﵀ പറഞ്ഞു:

**مَا عُبِدَ اللهُ بمثلِ العلمِ**

**"ദീൻ പഠിച്ചു കൊണ്ട് അല്ലാഹു ആരാധിക്കപ്പെട്ടത് പോലെ മറ്റൊരു കാര്യം കൊണ്ടും അവൻ ആരാധിക്കപ്പെട്ടിട്ടില്ല."**

شعب الإيمان للبيهقي (٦/٣٨٠)

## സമാപനം (ചില ഉണർത്തലുകൾ;)

ദീനിലെ അറിവ് മൊത്തത്തിൽ രണ്ട് ഇനങ്ങളാണ്. നിർബന്ധമായതും സുന്നത്തായതും. നിർബന്ധമായതിൽ തന്നെ വിശ്വാസപരമായ അറിവുകൾ, തൗഹീദുപരമായ അറിവുകൾ, വുദൂഅ്, അത് മുറിയുന്ന കാര്യങ്ങൾ, കുളി, നിസ്കാരവും അതിന്റെ നിബന്ധനകളും സ്തംഭങ്ങളും പോലുള്ളവയെ കുറിച്ച് പഠിക്കൽ എല്ലാ ഓരോ വ്യക്തിക്കും നിർബന്ധമാണ്. അത് പോലെ ഓരോ വ്യക്തികൾക്കനുസരിച്ച് അവരവർക്ക് നിർബന്ധമാകുന്ന അറിവുകളുമുണ്ട്. സമ്പത്തുള്ളവർ സകാത്തിനെ കുറിച്ച് പഠിക്കൽ, സ്ത്രീകൾ അവരുടെ ആർത്തവവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കൽ, കച്ചവടക്കാർ അതിന്റെ വിധിവിലക്കുകൾ പഠിക്കൽ പോലുള്ളവ. മറ്റുള്ളവർ അത് പഠിക്കൽ നിർബന്ധമല്ല. മറിച്ച് സുന്നത്തായ കർമങ്ങളിൽ തന്നെ ഏറെ ശ്രേഷ്ഠതയുള്ളതാണ്.

സാധാരണക്കാരായ ജനങ്ങൾ ഇത്തരം വിഷയങ്ങൾ അറിവുള്ളവരോട് ചോദിച്ച് പഠിക്കൽ വളരെ അനിവാര്യമാണ്. നബി ﷺ അറിവില്ലായ്മയെ ഒരു രോഗമായി പഠിപ്പിക്കുകയും, അതിനുള്ള ചികിത്സയായി അറിവുള്ളവരോട് ചോദിച്ച് പഠിക്കുവാൻ അവിടുന്ന് നിർദ്ദേശിക്കുകയും ചെയ്തു. സ്വഹാബികളിലെ ചിലർ അറിവില്ലാതെ ഒരു വിഷയത്തിൽ സംസാരിക്കുകയും അത് നബി ﷺ അറിയുകയും ചെയ്തപ്പോൾ അവിടുന്ന് ﷺ പറഞ്ഞു:

**أَلَا سألوا إذْ لم يَعلَموا؛ فإنَّما شِفاءُ العِيِّ السُّؤالُ**

**"അറിയില്ലെങ്കിൽ അവർക്ക് ചോദിച്ചു കൂടായിരുന്നോ. അറിവില്ലായ്മക്കുള്ള മരുന്ന് ചോദ്യം മാത്രമാകുന്നു."(സുനനു അബീ ദാവൂദ്: 336)**

അറിയാത്ത കാര്യങ്ങൾ അറിവുള്ളവരോട് ചോദിച്ച് പഠിക്കുവാൻ അല്ലാഹു നമ്മെ കൽപ്പിച്ചതുമാണ്. അല്ലാഹു പറഞ്ഞു:

**فَسْـَٔلُوٓاْ أَهْلَ ٱلذِّكْرِ إِن كُنتُمْ لَا تَعْلَمُونَ ۝٧ [الأنبياء: 7]**

**നിങ്ങൾ അറിയാത്തവരാണെങ്കിൽ അറിവുള്ളവരോട് ചോദിച്ചുനോക്കുക. (അൽഅമ്പിയാഅ് : 7)**

ദീൻ പഠിക്കാനുള്ള സൗകര്യങ്ങൾ എളുപ്പമാക്കി അല്ലാഹു നമ്മളെ അനുഗ്രഹിച്ചിരിക്കുന്നു. ഈ അനുഗ്രഹങ്ങളെ കുറിച്ച് നാം ചോദ്യം ചെയ്യപ്പെടുന്നതാണ്. അല്ലാഹു പറഞ്ഞു:

ثُمَّ لَتُسْـَٔلُنَّ يَوْمَئِذٍ عَنِ ٱلنَّعِيمِ ۝٨ [التكاثر: 8]

**പിന്നീട് ആ ദിവസത്തിൽ സുഖാനുഭവങ്ങളെപ്പറ്റി തീർച്ചയായും നിങ്ങൾ ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും.(അത്തകാസുർ : 8)**

നാളെ പരലോകത്ത് അല്ലാഹു മനുഷ്യരോട് ചോദിക്കുന്ന ഗൗരവപ്പെട്ട ചോദ്യങ്ങളിലൊന്നാണ് അറിവിന്റെ കാര്യമെന്ന് റസൂൽ ﷺ നമ്മെ അറിയിച്ചിട്ടുണ്ട്. എന്താണ് അവൻ പഠിച്ചത്? പഠിച്ചതനുസരിച്ച് അവൻ എന്ത് പ്രവർത്തിച്ചു? ഈ ചോദ്യങ്ങൾ ചോദിക്കപ്പെടാതെ ഒരടിമക്ക് പരലോകത്ത് വെച്ച് അവന്റെ കാൽപാദങ്ങൾ ചലിപ്പിക്കാൻ സാധിക്കുകയില്ല എന്നും റസൂൽ ﷺ അറിയിച്ചു. (സുനനുത്തിർമിദി: 2417)

സഹോദരങ്ങളെ, നല്ലത് പ്രവർത്തിക്കണമെങ്കിൽ അതിലേക്ക് നയിക്കുന്ന അറിവ് അനിവാര്യമാണ്. ദീൻ പഠിക്കാനുള്ള മാർഗങ്ങൾ ഇന്ന് നമ്മുടെ വിരൽ തുമ്പിൽ ലഭിക്കപ്പെട്ടിരിക്കെ മേൽ പറയപ്പെട്ട ഹദീസുകളും, ആയത്തുകളും ഇതിന്റെ ശ്രേഷ്ഠത ഇത്രമേൽ വിശദീകരിച്ചിരിക്കെ എങ്ങനെയാണ് ഒരു വിശ്വാസി ദീൻ പഠിക്കുന്ന കാര്യത്തിൽ അലംഭാവം കാണിക്കുക..! നമ്മുടെ മുൻഗാമികളിൽ നമുക്ക് ഉത്തമ മാതൃകയുണ്ട്. മാസങ്ങളോളം, മൈലുകൾ താണ്ടി ദീൻ പഠിക്കുകയും ഹദീസുകൾ ശേഖരിക്കുകയും ചെയ്ത മുൻഗാമികൾ കഴിഞ്ഞു പോയിട്ടുണ്ട്.

മഹാനായ ജാബിർ ബ്നു അബ്ദില്ലാഹ് رضي الله عنه ഒരു ഹദീസ് പഠിക്കുന്നതിന് വേണ്ടി മാത്രമായി ഒരു വാഹനമൃഗത്തെ വില കൊടുത്ത് വാങ്ങി ഒരു മാസക്കാലയളവ് യാത്ര ചെയ്ത് ശാമിലേക്ക് പോയിട്ടുണ്ട്.

മഹാനായ ഉമറുബ്നുൽ ഖത്ത്വാബ് رضي الله عنه അൻസ്വാരിയായ ഒരു സ്വഹാബിയുമായി ദീൻപഠിക്കുന്നതിന് വേണ്ടി കരാറിലേർപ്പെട്ടു. ഒരു ദിവസം അൻസ്വാരിയായ സ്വഹാബി ജോലിക്ക് പോകും. അന്ന് ഉമർ رضي الله عنه നബി ﷺ യുടെ അരികിലിരുന്ന് ദീൻ പഠിക്കുകയും അൻസ്വാരി തിരികെ എത്തിയാൽ അദ്ദേഹത്തിന് അത് പഠിപ്പിച്ചു കൊടുക്കുകയും ആ ദിവസത്തെ ജോലിയുടെ

കൂലി പരസ്പരം പങ്കുവെക്കുകയും ചെയ്യുമായിരുന്നു. അടുത്ത ദിവസം ഇതേ പടി ഉമർ ﵁ വും ചെയ്യും.

ഇമാം അബ്ദുല്ലാഹ് ബ്നുൽ മുബാറക് ﵀ വർഷത്തെ രണ്ടായി ഭാഗിക്കുകയും, ആറ് മാസം സമ്പാദിക്കുകയും അടുത്ത ആറു മാസം ദീൻ പഠിക്കുന്നതിനായി മാത്രം മാറ്റി വെക്കുകയും ചെയ്യുമായിരുന്നു.

ഇതെല്ലാം ദീൻ പഠിക്കുന്ന വിഷയത്തിൽ നമ്മുടെ മുൻഗാമികളുടെ പ്രയത്നങ്ങൾക്കുള്ള ചില ഉദാഹരണങ്ങൾ മാത്രമാണ്. ഇത് പോലെ ഒരുപാട് സംഭവങ്ങൾ നമുക്ക് കാണുവാൻ സാധിക്കും. ഒരുപാട് കഷ്ടപ്പെട്ടും, പരിശ്രമിച്ചുമാണ് അവർ ഈ ദീൻ നമ്മിലേക്ക് എത്തിച്ചത്. ഇന്നിതാ നമുക്ക് നിഷ്പ്രയാസം അത് പഠിച്ചെടുക്കാനുള്ള മാർഗങ്ങൾ വന്നെത്തിയിരിക്കുന്നു. നമ്മുടെ പ്രയത്നങ്ങളും, പരിശ്രമങ്ങളും എത്രത്തോളമുണ്ടെന്ന് വിലയിരുത്തുക.

മറ്റൊരു കാര്യം, മേൽ പരാമർശിക്കപ്പെട്ട ശ്രേഷ്ഠതകൾ അറിവ് പഠിക്കാൻ വേണ്ടി മാറിയിരിക്കുന്ന മതവിദ്യാർത്ഥികൾക്ക് മാത്രമുള്ളതല്ല. മറിച്ച് ദീൻ പഠിക്കുവാൻ അതിന്റെ സദസ്സുകളിൽ ചെന്നിരിക്കുന്ന ഓരോ സാധാരണക്കാരും അത്തരം ശ്രേഷ്ഠതകൾക്ക് അർഹരാണ്. അതുപോലെ നാം ദീൻ പഠിക്കുന്ന ഒരു വിദ്യാർത്ഥി ആണെങ്കിൽ നമ്മുടെ കുടുംബത്തിന് പഠിപ്പിച്ചു കൊടുക്കൽ നമ്മുടെ ബാധ്യതയാണ്. നമ്മുടെ വീട്ടിലും, കുടുംബത്തിലും അയൽപക്കത്തുമെല്ലാം ഈ ദീനിന്റെ വിജ്ഞാനം വ്യാപിപ്പിക്കാൻ നാം പരിശ്രമിക്കുക. അവരെ ദീനിന്റെ സദസ്സുകളിൽ പങ്കെടുപ്പിക്കുക. അല്ലാഹു പറഞ്ഞു:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ قُوٓاْ أَنفُسَكُمۡ وَأَهۡلِيكُمۡ نَارٗا [التحريم: 6]

**സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽ നിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക. (അത്തഹ്‌രീം : 6)**

ഈ ആയത്തിനെ വിശദീകരിക്കവെ അലി ﵁ പറഞ്ഞു:

**"നിങ്ങൾ അവരെ ദീനും, ദീനിന്റെ മര്യാദകളും പഠിപ്പിക്കുവിൻ." (٥٦٠) تفسير الطبري**

ദീൻ പഠിക്കാൻ നാം പരിശ്രമിക്കുന്നതിനോടൊപ്പം അത് കരസ്ഥമാക്കുവാൻ അല്ലാഹുവിന്റെ തൗഫീഖ് നമുക്ക് അനുകൂലമാകുവാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതുണ്ട്. നബി ﷺ പറഞ്ഞു:

احْرِصْ علَى ما يَنْفَعُكَ، وَاسْتَعِنْ باللَّهِ وَلَا تَعْجِزْ

**"നിനക്ക് ഉപകാരമുള്ള കാര്യങ്ങളിൽ നീ പരിശ്രമിക്കുകയും, അല്ലാഹുവിനോട് സഹായം തേടുകയും ചെയ്യുക. നീ അശക്തനാകരുത്."(സ്വഹീഹു മുസ്‌ലിം: 2664)**

ഉപകാരപ്രദമായ അറിവ് ലഭിക്കുന്നതിന് വേണ്ടി ദിനേന എല്ലാ പ്രഭാതത്തിലും പ്രത്യേകം അവിടുന്ന് ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു:

**اللَّهمَّ إنِّي أسأَلُكَ عِلمًا نافعًا، ورِزْقًا طيِّبًا، وعمَلًا مُتقَبَّلًا**

**"അല്ലാഹുവേ, ഉപകാരപ്രദമായ അറിവും, വിശിഷ്ടമായ ഉപജീവനവും, സ്വീകാര്യമായ കർമവും നിന്നോട് ഞാൻ ചോദിക്കുന്നു." (സുനനു ഇബ്നി മാജ: 925)**

നബി ﷺ ഉപകാരപ്രദമായ അറിവ് പ്രത്യേകം ചോദിച്ചതിൽ നമുക്ക് വലിയ പാഠമുണ്ട്. മനുഷ്യരെ അല്ലാഹുവിൽ നിന്നും പരലോകത്തിൽ നിന്നും അകറ്റുകയും, യാതൊരു ഉപകാരവും അവർക്ക് നേടിക്കൊടുക്കാത്തതുമായ ധാരാളം അറിവുകളുണ്ട് എന്നതിലേക്കുള്ള വ്യക്തമായ സൂചന കൂടിയാണ് ഈ പ്രാർത്ഥന. മാത്രവുമല്ല അത്തരം അറിവുകളിൽ നിന്ന് അവിടുന്ന് അല്ലാഹുവിനോട് കാവലിനെ തേടിയിട്ടുണ്ട്.

നബി ﷺ ഒരു കാര്യം പ്രത്യേകം അല്ലാഹുവിനോട് ചോദിച്ചാൽ അത് അതിന്റെ മഹത്വം അറിയിക്കുന്നു. ഇനി അവിടുന്ന് പ്രത്യേകം ഒരു കാര്യത്തിൽ നിന്ന് അഭയം തേടിയാൽ അത് അതിന്റെ ഗൗരവത്തെയും അറിയിക്കുന്നു. അത് കൊണ്ട് അത്തരം അറിവുകളെ നാം കരുതിയിരിക്കുക. ദൗർഭാഗ്യവശാൽ മുസ്ലിംകളിലെ ധാരാളമാളുകൾ ഇത്രയധികം ശ്രേഷ്ഠതയും പ്രാധാന്യവും ദീനിൽ പഠിപ്പിക്കപ്പെട്ട ദീനിന്റെ അറിവുകൾ പഠിക്കുന്ന കാര്യത്തിൽ മടി കാണിക്കുകയും, അവർക്ക് ദുനിയാവിലോ പരലോകത്തോ യാതൊരു നന്മയും കൊണ്ടു വരാത്ത വ്യർത്ഥമായ, ഫലശൂന്യമായ ഒരുപാട് കാര്യങ്ങൾ അറിയാനും മനസ്സിലാക്കാനും സമയം പാഴാക്കി കൊണ്ടിരിക്കുകയാണ്. ഇത് വലിയ അപകടമാണ് എന്ന് തിരിച്ചറിയുകയും, നമ്മുടെ സമയം നമ്മെ അല്ലാഹുവിലേക്കും നന്മകളിലേക്കും സ്വർഗത്തിലേക്കും അടുപ്പിക്കുന്ന, നരകത്തിൽ നിന്നും തിന്മകളിൽ നിന്നും അകറ്റുന്ന ഉപകാരപ്രദമായ അറിവുകൾ കരസ്ഥമാക്കാൻ വിനിയോഗിക്കുക.

അല്ലാഹു സഹായിക്കുമാറാകട്ടെ. ആമീൻ.

**والله أعلم وصلى الله وسلم وبارك على عبده ورسوله وعلى آله وأصحابه أجمعين**